I/44367/2023

**<u>ഭരണഭാഷ - മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**വികാസ് ഭവൻ, തിരുവനന്തപുരം**
**(ഹാജർ: ശ്രീകുമാർ.ബി)**
**<u>(പൂർണ്ണ അധിക ചുമതല)</u>**

വിഷയം :- ഡി.ഇ.എസ് – വിജിലൻസ് – ശ്രീ.ഉന്മേഷ്.എം, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I- ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക, സാലറി റിക്കവറി തുക എന്നിവയിലെ ക്രമക്കേട് – സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :-

1. തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 30/09/2023-ലെ എസി1/2640/2023/ഡിഒറ്റി നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ ഓഫീസറുടെ 26/09/2023-ലെ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ് നം: DES/4304/2023/VIG; തീയതി: 05-10-2023</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, നെടുമങ്ങാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- I ആയിരുന്ന ശ്രീ.ഉന്മേഷ്.എം- ന് വിവിധ ഓഫീസ് ഉത്തരവുകൾ പ്രകാരം 2018 മുതൽ ടി ഓഫീസിലെ ബില്ലുകൾ, അക്കൗണ്ട്സുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല നൽകിയിരുന്നുവെന്നും, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ടി കാലയളവിൽ പിരിച്ചെടുത്ത തുക 1,08,250/- രൂപ ടിയാൻ നെടുമങ്ങാട് മുനിസിപ്പാലിറ്റി ഓഫീസിൽ ഒടുക്കിയിട്ടില്ലെന്നും, അതോടൊപ്പം സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- I മാരായ ശ്രീ. അരുൺ.ആർ, ശ്രീ.സതീഷ്.സി എന്നിവരുടെ ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്ത റിക്കവറി തുക ടിയാന്റെ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ആക്കിയതായും പരാമർശം (1) പ്രകാരം തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പരാമർശം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഉന്മേഷ്.എം, തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കൃത്യനിർവ്വഹണത്തിൽ കുറ്റകരമായ വീഴ്ച

I/44367/2023

വരുത്തിയതായും, ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തുകയും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടലംഘനം നടത്തിയതായും കാണുന്നു.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ആയ ശ്രീ.ഉന്മേഷ്.എം. നെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു. ടിയാന് നിയമപ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Signed by
Sreekumar B
Date: 05-10-2023 16:58:12

DIRECTOR(FULL ADDITIONAL CHARGE) DES

ശ്രീ.ഉന്മേഷ്.എം, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- I
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തിരുവനന്തപുരം)
(തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ
2. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം.
3. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ജീവനക്കാര്യ വിഭാഗം
5. ഫയൽ/കരുതൽ ഫയൽ